## SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 06/25 (228th ) Meeting of the Syndicate held on 07.07.2025 at 11.00 a.m at University Head Quarters, Kalady

**Members Present:**

1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി - ഒപ്പ്
   വൈസ് ചാൻസലർ, അദ്ധ്യക്ഷ
2. ഡോ. വി. ലിസ്സി മാത്യു, സിൻഡിക്കേറ്റംഗം - ഒപ്പ്
3. ഡോ. മിനി ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
4. പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. ഓമന പി. വി, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. ബി. അശോക്, സിൻഡിക്കേറ്റംഗം - ഒപ്പ്
8. അഡ്വ. കെ.എസ്. അരുൺകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ശ്രീ. ആർ അജയൻ, സിൻഡിക്കേറ്റംഗം - ഒപ്പ്

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

### MAIN AGENDA

**Item No 1**

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

അഹമ്മദാബാദ് വിമാന അപകടത്തിൽ മരണപ്പെട്ടവരുടേയും, ചിന്തകനും എഴുത്തുകാരനും സാമൂഹിക പ്രവർത്തകനുമായ ശ്രീ. കെ. എം. സലിം കുമാർ, മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

10.06.2025 തീയതിയിലെ 227-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. 17.06.2025 ന് കേരള രാജ്ഭവനിൽ ബഹു. ചാൻസലർ വിളിച്ചുചേർത്ത വൈസ് ചാൻസലർ മാരുടെ യോഗത്തിൽ സർവകലാശാല വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി പങ്കെടുത്തു.
2. സംസ്ഥാന സർക്കാർ സർവകലാശാലകളിൽ ആരംഭിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ പദ്ധതി പ്രകാരം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിൽ ആരംഭിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെൻഡർ ഇക്വിറ്റിയുടേയും ഉന്നത വിദ്യാഭ്യാസ ശില്പശാലയുടേയും ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു 2025 ജൂൺ 20 ന് നിർവഹിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനും രാജ്യാന്തര നിലവാരത്തിലുള്ള അത്യാധുനിക ഗവേഷണം വികസിപ്പിക്കുന്നതിനുമായി മികവിന്റെ കേന്ദ്രങ്ങളിൽ ഒന്നായി ആരംഭിക്കുന്ന കേരള ലാംഗ്വേജ് നെറ്റ് വർക്കിന്റെ ഉപകേന്ദ്രമായി സർവകലാശാലയിൽ വിവർത്തന പഠനകേന്ദ്രം ആരംഭിക്കുമെന്നും മന്ത്രി ഉറപ്പുനൽകി. വൈസ് ചാൻസലർ ഡോ. കെ. കെ. ഗീതാകുമാരി, ശ്രീ റോജി എം. ജോൺ എം.എൽ.എ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ ഡോ. രാജൻ വർഗ്ഗീസ്, ബഹു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എം. സത്യൻ, ഡോ. പി.വി. രാമൻകുട്ടി, ശ്രീ. ആർ. അജയൻ, അഡ്വ. കെ. എസ്. അരുൺകുമാർ, ഡോ. ബി. അശോക്, പ്രൊ. ഡോ. മാത്യൂസ് ടി. തെള്ളി, രജിസ്ട്രാർ, ഡോ. മോത്തി ജോർജ്ജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അന്നേ ദിവസം സർവകലാശാലയും ഉന്നത വിദ്യാഭ്യാസ കൗൺസിലും സഹകരിച്ച് സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ ശിൽപശാലയിൽ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗ്ഗീസ് മുഖ്യ പ്രഭാഷണം നടത്തി.
3. സർവകലാശാലയിൽ അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് 2025 ജൂൺ 21 ന് കായിക പഠന വകുപ്പ്, എൻ.സി.സി, എൻ.എസ്.എസ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര യോഗ ദിന ആഘോഷങ്ങൾ സംഘടിപ്പിച്ചു. പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ് ഡോ. വി. ലിസ്സി മാത്യൂ യോഗാദിനം ഉദ്ഘാടനം ചെയ്തു.
4. സർവകലാശാല സെൻട്രൽ ലൈബ്രറിയുടെ നേതൃത്വത്തിൽ വായനാവാരത്തോടനുബന്ധിച്ച് 2025 ജൂൺ 23 ന് വിദ്യാർത്ഥികൾക്കുവേണ്ടി ക്വിസ്സ്, കവിതാരചന, ആസ്വാദനക്കുറിപ്പ് മത്സരങ്ങൾ സംഘടിപ്പിച്ചു.
5. ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് 2025 ജൂൺ 26 ന് സർവകലാശാലയിൽ വിവിധ തരത്തിലുള്ള ലഹരി വിരുദ്ധ പരിപാടികൾ സംഘടിപ്പിച്ചു. സർവകലാശാലയിൽ വച്ചുനടന്ന ലഹരി വിരുദ്ധ പ്രതിജ്ഞയിൽ അധ്യാപക, അനധ്യാപക, വിദ്യാർത്ഥികൾ

പങ്കെടുത്തു. എൻ.എസ്.എസ്, എൻ.സി.സി എന്നിവയുടെ നേതൃത്വത്തിൽ റാലികൾ, ഫ്ലാഷ് മോബ്, ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചു.

6. സർവകലാശാലയും കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലും സംയുക്തമായി 2025 ജൂൺ 24 മുതൽ 28 വരെ ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. 'Transforming Higher Education : Reforms to action' എന്ന വിഷയത്തിൽ നടന്ന ട്രെയിനിംഗ് പ്രോഗ്രാമിൽ സർവകലാശാലയിലെ റഗുലർ അധ്യാപകരും പുറത്തുനിന്നുള്ള അധ്യാപകരും ഉൾപ്പടെ 80 ഓളം പേര് പങ്കെടുത്തു.

7. നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനോത്സവം 2025 ജൂലൈ 01 ന് സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ സംഘടിപ്പിച്ചു. കാലടി ക്യാമ്പസിലെ പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി നിർവഹിച്ചു.

8. സർവകലാശാലയിലെ സെന്റർ ഫോർ ബുദ്ധിസ്റ്റ് സ്റ്റഡീസും, എസ്.എൻ.ഡി.പി പബ്ലിക് ലൈബ്രറി കാലടിയും സംയുക്തമായി 2025 ജൂലൈ 02 ന് "Fabric of Modernity : Clothing in Ayyankali, Ambedkar and Gandhi' എന്ന വിഷയത്തിൽ ഓൺലൈനായി ഇന്റർ നാഷണൽ സെമിനാർ സംഘടിപ്പിച്ചു. പ്രൊഫസർ പി.പി. അജയകുമാർ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള യൂണിവേഴ്സിറ്റി) മുഖ്യ പ്രഭാഷണം നടത്തി.

9. സർവകലാശാല കാലടി ക്യമ്പസിൽ ഹിസ്റ്ററി വകുപ്പിന്റേയും കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ 2025 ജൂലൈ 03, 04 തീയതികളിൽ പ്രിന്റ് ആന്റ് ട്രഡീഷണൽ എന്ന വിഷയത്തിൽ റിസർച്ച് വർക്ക്ഷോപ് സംഘടിപ്പിച്ചു. പ്രൊഫ. വീണ നരേഗൽ (സോഷ്യോളജി വകുപ്പ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്ത്, ഡൽഹി) മുഖ്യ ഭാഷണം നടത്തി.

10. ഹോസ്റ്റൽ ഡിസിപ്ലിനുമായി ബന്ധപ്പെട്ട നടപടികൾ വിശദീകരിക്കുന്നതിനുവേണ്ടി കാലടി മുഖ്യകേന്ദ്രത്തിലെ റഗുലർ അധ്യാപക അനധ്യാപക ജീവനക്കാരുടെ യോഗം 04.07.2025 ന് വിളിച്ചുചേർത്തു. വൈസ് ചാൻസലർ, ഡോ. കെ.കെ. ഗീതാകുമാരി, പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ് ഡോ. വി. ലിസ്സി മാത്യു, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ.എസ്. അരുൺകുമാർ, ശ്രീ. ആർ. അജയൻ, ഡോ. ബി. അശോക്, ഡോ. മാത്യൂസ് ടി. തെള്ളി, ഡോ. ടി. മിനി, ഡോ. എം. സത്യൻ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ്, ഫിനാൻസ് ഓഫീസർ ശ്രീമതി സിൽവി കോടക്കാട് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**Item No:2**

സംസ്കൃതം ജനറൽ വിഭാഗത്തിൽ ഗസ്റ്റ് ലക്ചറർ ഇന്റർവ്യൂ സംബന്ധിച്ച്

Allied Subject ൽ യോഗ്യത നേടിയവരേയും അധ്യാപക നിയമനത്തിന് പരിഗണിക്കാമെന്ന സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നീ സ്റ്റാറ്റ്യൂട്ടറി ബോഡികളുടെ തീരുമാനവും, യു ജി സി നിയമവും നിലനിൽക്കെ ആദ്യ ഇന്റർവ്യൂവിൽ മാറ്റി നിർത്തിയ Allied Subject ൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് വേണ്ടി വീണ്ടും ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണമെന്ന വൈസ് ചാൻസലറുടെ ഉത്തരവ് മാനിക്കാതെ 03.07.2025 ൽ നിശ്ചയിച്ച ഇന്റർവ്യൂ തടസ്സപ്പെട്ടത് സിൻഡിക്കേറ്റ് വിശദമായി പരിശോധിക്കുകയും താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. ഈ വിഷയം പഠിച്ച് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫസർ ഡോ. മാത്യൂസ് ടി തെള്ളി (കൺവീനർ) , ഡോ. ബി അശോക്, ഡോ ഓമന പി വി എന്നിവരുൾപ്പെട്ട കമ്മിറ്റിയെ നിയോഗിക്കാൻ തീരുമാനിച്ചു. അന്വേഷണകമ്മിറ്റിയുടെ Terms of Reference ആയി
    1. ഇന്റർവ്യൂ തടസ്സപ്പെടുത്തൽ
    2. സബ്ജക്ട് എക്സ്പേർട്ടിനെ അടക്കം മുറിയിൽ പൂട്ടി ഇടുകയും അപമാനിക്കുകയും ചെയ്ത സംഭവം
    3. മാധ്യമങ്ങൾക്കും ചാനലുകൾക്കും വ്യാജവാർത്ത നൽകൽ
    4. ഇന്റർവ്യൂവിൽ പങ്കെടുക്കാനെത്തിയ ഉദ്യോഗാർത്ഥിയെ അപമാനിച്ചത് സംബന്ധിച്ച പരാതി എന്നിവ ഉൾപ്പെടുത്താൻ തീരുമാനിച്ചു.
2. എസ് സി/എസ് ടി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി സമർപ്പിച്ച പരാതി പരിശോധിക്കുകയും പ്രസ്തുത പരാതി പ്രാഥമ ദൃഷ്യാ 'SC/ST Prevention of Atrocities act' ന്റെ പരിധിയിൽ വരുന്നതാണെന്ന് കണ്ടെത്തുകയും ചെയ്ത സാഹചര്യത്തിൽ പരാതി അടിയന്തിരമായി പോലീസിന് കൈമാറാൻ തീരുമാനിച്ചു.
3. കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ ബി എ, എം എ സംസ്കൃതം ജനറൽ കോഴ്സുകൾക്ക് നിലവിൽ അധ്യാപകരില്ലാത്തത് പരിഗണിച്ച് അടിയന്തിരമായി രണ്ട് പേരെ വർക്ക് അറേഞ്ച്മെന്റിൽ ട്രാൻസ്ഫർ ചെയ്യാൻ തീരുമാനിച്ചു.

വിദ്യാർത്ഥി, അധ്യാപക അനുപാതം, അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ, Space Alotment എന്നിവ വിശദമായി പഠിക്കുന്നതിന് ശ്രീ. ആർ അജയൻ (കൺവീനർ), അഡ്വ. കെ എസ് അരുൺകുമാർ, അഡ്വ. പ്രംകുമാർ എം എൽ എ എന്നിവരുൾപ്പെട്ട കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 3**

സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് സബ്കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ സംബന്ധിച്ച് 07/07/2025 ൽ ചേർന്ന സിൻഡിക്കേറ്റ് എടുത്ത തീരുമാനം

അമിനിറ്റി സെന്ററുമായി ബന്ധപ്പെട്ട് കോസ്റ്റ്ഫോർഡ് നൽകിയ അപേക്ഷയിൽ സിൻഡിക്കേറ്റ് വിശദമായ ചർച്ച നടത്തി താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. കോവിഡ് 19 മഹാമാരിയുടെ ഫലമായി കുറേയേറെ മാസങ്ങൾ പണി ചെയ്യാൻ സാധിക്കാതെ വന്നുവെന്നും അതിനുശേഷം 120 സെൻറീമീറ്റർ ആഴത്തിൽ എടുക്കേണ്ട ഫൗണ്ടേഷനിൽ 60 സെൻറീമീറ്റർ ആയപ്പോഴേക്കും കനാലിൽ നിന്നുള്ള വെള്ളം കയറി അത് പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടുവെന്നും കോസ്റ്റ്ഫോർഡ് അറിയിച്ചത് സിൻഡിക്കേറ്റ് ചർച്ച ചെയ്തു. കോസ്റ്റ്ഫോർഡിന്റേതല്ലാത്ത കാരണത്താൽ പണികളിൽ കുറച്ച് കാലതാമസം നേരിട്ടിട്ടുണ്ടെന്ന നിഗമനത്തിൽ സിൻഡിക്കേറ്റ് എത്തിച്ചേർന്നു.
2. അതിൻറെ അടിസ്ഥാനത്തിൽ, ടൈം ഷെഡ്യൂൾ കൃത്യമായി നൽകി ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ, പരമാവധി 5 മാസത്തിനകമെങ്കിലും സ്റ്റുഡന്റ്സ് അമിനിറ്റി സെൻറർ പൂർത്തിയാക്കി സർവകലാശാലയ്ക്ക് കൈമാറാമെന്ന ഉറപ്പ് കോസ്റ്റ്ഫോർഡ് നൽകുകയാണെങ്കിൽ, കോസ്റ്റ്ഫോർഡിന് ചുമത്തിയിട്ടുള്ള കാലതാമസപ്പിഴ ലഘൂകരിച്ച്, കോസ്റ്റ്ഫോർഡുമായി ഒപ്പുവച്ച പഴയ ഉടമ്പടി മരവിപ്പിച്ച് പുതിയ ഉടമ്പടിയിൽ ഏർപ്പെടുവാൻ സിൻഡിക്കേറ്റ് അനുമതി നൽകി. അപ്രകാരം, പരസ്പരം സമ്മതിച്ച date of completion പുതിയ ഉടമ്പടിയിൽ ചേർക്കേണ്ടതാണെന്ന് തീരുമാനിച്ചു.
3. കൃത്യമായ ഒരു വർക്ക് ഷെഡ്യൂൾ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി നിർത്തിവച്ച പണികൾ അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട്.
4. പണി പൂർത്തിയാക്കുന്ന മുറയ്ക്ക് കോസ്റ്റ്ഫോർഡിന് നൽകാനുള്ള ബാക്കി തുക സംഭരിച്ച് നൽകുവാൻ യൂണിവേഴ്സിറ്റി പ്രതിജ്ഞാബദ്ധമായിരിക്കും.
5. 2021ൽ പൂർത്തിയാകേണ്ട കെട്ടിടം യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് അങ്ങേയറ്റം അത്യന്താപേക്ഷിതമായതിനാലും, വർക്ക് പൂർത്തീകരിക്കാതെയിരിക്കുന്നത് സർവകലാശാലയ്ക്ക് ഇനിയും സമയനഷ്ടവും ധനനഷ്ടവും ഉണ്ടാക്കുകയേയുള്ളൂ എന്നതിനാലും പണി എത്രയും വേഗം പൂർത്തീകരിക്കുന്നതു വഴി ടി പ്രോജക്ടിന്റെ ഗുണം എത്രയും വേഗം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനാകും എന്നതിനാലുമാണ് പുതിയ ഉടമ്പടിയിൽ ഏർപ്പെടുന്നതിനു സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുള്ളത്.
6. ഈ തീരുമാനം 08/07/2025ന് തന്നെ കോസ്റ്റ്ഫോർഡിനെ രേഖാമൂലം അറിയിക്കുവാൻ നടപടി കൈക്കൊള്ളുന്നതിനു സിൻഡിക്കേറ്റ് ശുപാർശ ചെയ്തു.

ഈ സിൻഡിക്കേറ്റ് തീരുമാനം കോസ്റ്റ്ഫോർഡ് അംഗീകരിക്കുന്ന പക്ഷം പുതിയ ഉടമ്പടിയിലെ മറ്റു വ്യവസ്ഥകൾ ചർച്ച ചെയ്തു ഒരാഴ്ച്ചയ്ക്കകം തന്നെ കോസ്റ്റ്ഫോർഡ് പുതിയ ഉടമ്പടിയിൽ ഒപ്പുവെച്ച് പണി പുനരാരംഭിക്കേണ്ടതും അംഗീകരിച്ച തീയതിയ്ക്കുള്ളിൽ തന്നെ പണി പൂർത്തീകരിച്ച് സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ സർവകലാശാലയ്ക്ക് കൈമാറേണ്ടതുമാണ്.

**Item No.4**

ക്യാമ്പസിന്റെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുള്ള വിവിധ പ്രവൃത്തികൾ അംഗീകരിക്കുന്നത് സംബന്ധിച്ച്

ക്യാമ്പസിന്റെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും, ഹോസ്റ്റൽ പരിസരം വൃത്തിയാക്കുന്നതിനും വേണ്ടി ഏകദേശം 10 ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1. | ചിത്രമതിലിന് ഉയരം കൂട്ടൽ | 6,00,000/- |
| 2. | ക്യാമ്പസിന്റെ കിഴക്ക് ഭാഗത്തുള്ള ഗേറ്റ് ഗ്രിൽ അടയ്ക്കുന്നത് | 1,25,000/- |
| 3. | സർവകലാശാലയുടെ വടക്ക് ഭാഗത്ത് Mens Hostel ന് സമീപത്തായി ഗേറ്റ്, സെക്യൂരിറ്റി ക്യാമ്പിൻ എന്നിവ നിർമ്മിക്കൽ | 1,50,000/- |
| 4. | വടക്ക് ഭാഗത്തെ ഗേറ്റിൽ സെക്യൂരിറ്റി ക്യാമ്പിൻ നിർമ്മിക്കൽ | 1,00,000/- |
| 5. | ഹോസ്റ്റൽ പരിസരത്തുള്ള മാലിന്യം നീക്കം ചെയ്യൽ | 25,000/- |
| | **ആകെ** | **10,00,000/-** |

**Item No.5**

ആംഫി തീയറ്റർ-ഉദ്ഘാടനം സംബന്ധിച്ച്

CIAL ധനസഹായത്തോടെ നിർമ്മാണം പൂർത്തീകരിച്ച ആംഫിതീയറ്ററിന്റെ ഉദ്ഘാടനം അടിയന്തിരമായി നിർവ്വഹിക്കാൻ തീരുമാനിച്ചു. ഇതിനായി ഡോ. ബി അശോക് (സിൻഡിക്കേറ്റംഗം) ജനറൽ കൺവീനറായും, ശ്രീ ആർ അജയൻ (സിൻഡിക്കേറ്റംഗം) ചെയർമാനുമായി കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. CIAL ൽ നിന്നും ലഭിക്കാനുള്ള ബാക്കി തുക അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനും തീരുമാനിച്ചു.

കൂടാതെ നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത ഓഡിറ്റോറിയത്തിന്റെ മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവൃത്തി പുനഃരാംഭിക്കുന്നതിനുള്ള നടപടികൾ ആവശ്യപ്പെട്ടുകൊണ്ട് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് കത്ത് നൽകാനും തീരുമാനിച്ചു.

**Item No. 6**

സർവകലാശാലയുടെ സമഗ്രമായ വികസനത്തിനുള്ള വിവിധ പദ്ധതികൾ

സർവകലാശാല മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചു.

1. നൈപുണ്യ വികസനത്തിന് കൂടുതൽ മുൻഗണന നൽകി ഇന്നൊവേറ്റീവ് കോഴ്സുകൾ ആരംഭിക്കുക.
2. ക്യാമ്പസ് ഇൻഡസ്ട്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
3. സംസ്കൃതം അടക്കമുള്ള വിവിധ കോഴ്സുകൾക്ക് ഓൺലൈൻ പഠനം സാധ്യമാക്കുക.
4. ക്യാമ്പസ് നവീകരണവും, നിർമ്മാണം മുടങ്ങിക്കിടക്കുന്ന കെട്ടിടങ്ങൾ പൂർത്തീകരിച്ച് ഉപയോഗക്ഷമമാക്കുകയും ചെയ്യുക.
5. വിദഗ്ധരെ ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂഷണൽ ഡവലപ്മെന്റ് പ്ലാൻ തയ്യാറാക്കുക.

6. ഇൻക്യുബേഷൻ സെന്റർ ശക്തിപ്പെടുത്തുക.
7. റിസോഴ്സ് മൊബിലൈസേഷൻ നടത്തുക.
8. വിദേശ സർവകലാശാലകളുമായി അക്കാദമിക വിനിമയ സംബന്ധിയായ കരാറുകളിൽ ഏർപ്പെടുകയും, കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുക.
9. പ്രാദേശിക കേന്ദ്രങ്ങളെ ശക്തിപ്പെടുത്തി നൂതന കോഴ്സുകൾ ആരംഭിക്കുക.
10. പ്രൊജക്ട് മാർക്കറ്റിംഗ് നടത്തുക.
11. കൂടുതൽ ചെയറുകൾ സ്ഥാപിക്കുക.
12. മ്യൂസിയം, ആർക്കിയോളജി മേഖലകളിലെ കൂടുതൽ സാധ്യതകൾ ഉപയോഗപ്പെടുത്തുക.

ഈ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്ത് കർമ്മ പദ്ധതി രൂപീകരിക്കുന്നത് അടുത്ത സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് വയ്ക്കാൻ തീരുമാനിച്ചു.

**Item No.7**

ക്യാമ്പസിന്റെ സുരക്ഷ-വിദ്യാർത്ഥി പ്രതിനിധികളുമായി നടത്തിയ ചർച്ച സംബന്ധിച്ച്

സർവകലാശാലയിലെ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പ് വരുത്തുക, ക്യാമ്പസ് ലഹരി വിമുക്തമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 03.04.2025, 27.06.2025 തീയതികളിൽ ഇറക്കിയ ഉത്തരവുകൾ നടപ്പിലാക്കുന്നതിനെതിരെ വിദ്യാർത്ഥികൾ സമരം നടത്തുന്ന സാഹചര്യത്തിൽ വിദ്യാർത്ഥി പ്രതിനിധികളുമായി ഈ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്തു. പുതുതായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ 3 വിഷയങ്ങളിൽ ചെറിയ ചില മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി 27.06.2025 ലെ ഉത്തരവ് താഴെ കൊടുത്തിരിക്കുന്നത് പ്രകാരം 07.07.2025 മുതൽ പ്രാബല്യത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

1. സർവകലാശാല ഐഡന്റിറ്റി കാർഡ് ഉള്ളവരെ മാത്രമേ സർവകലാശാലയുടെ അകത്തേക്ക് പ്രവേശിപ്പിക്കുകയുള്ളൂ. ഐഡന്റിറ്റി കാർഡുകൾ ലഭിക്കുന്നത് വരെ താൽക്കാലിക കാർഡുകൾ നൽകുന്നതായിരിക്കും.
2. സർവകലാശാല എംബ്ലം പതിച്ച ഔദ്യോഗിക സ്റ്റിക്കർ ഇല്ലാത്ത വാഹനങ്ങളെ സർവകലാശാലയ്ക്ക് അകത്തേക്ക് പ്രവേശിപ്പിക്കുന്നതല്ല. ഒരു വിദ്യാർത്ഥിയ്ക്ക് ഒരു സ്റ്റിക്കർ അനുവദിക്കും.
3. സർവകലാശാലയുടെ അകത്തും, ഹോസ്റ്റൽ പരിസരത്തും ഇപ്പോൾ സൂക്ഷിച്ചിരിക്കുന്ന എല്ലാ വാഹനങ്ങളുടേയും ഉടമസ്ഥർ വാഹനങ്ങളുടെ രേഖകൾ കാണിച്ച് അത്തരം വാഹനങ്ങൾക്കും സ്റ്റിക്കർ പതിപ്പിക്കേണ്ടതാണ്. സ്റ്റിക്കർ പതിപ്പിക്കാതെ സർവകലാശാലയ്ക്ക് അകത്ത് സൂക്ഷിക്കുന്ന വാഹനങ്ങൾ പോലീസിന് കൈമാറുന്നതാണ്.
4. വൈകിട്ട് 5 മണിക്ക് ശേഷം ക്ലാസ് മുറികൾ വിദ്യാർത്ഥികൾ ഉപയോഗിക്കാൻ പാടില്ല. എന്നാൽ തീയറ്റർ, ഡാൻസ്, പെയിന്റിംഗ്, ജ്യോഗ്രഫി, ഫിസിക്കൽ എഡ്യൂക്കേഷൻ

വിഭാഗങ്ങൾക്ക് വകുപ്പദ്ധ്യക്ഷന്റെ ഉത്തരവാദിത്വത്തിൽ ഏതെങ്കിലും അധ്യാപകന്റെ സാന്നിദ്ധ്യത്തിൽ കൂടുതൽ സമയം അനുവദിക്കുന്നതാണ്.

5. സർവകലാശാല വിദ്യാർത്ഥികൾ അല്ലാത്തവർ ക്യാമ്പസിൽ പ്രവേശിക്കുമ്പോൾ മെയിൻ ഗേറ്റിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ പേരും, ഫോൺ നമ്പറും സന്ദർശന കാര്യവും രേഖപ്പെടുത്തിയതിന് ശേഷം മാത്രമേ പ്രവേശിക്കാൻ പാടുള്ളൂ. രജിസ്റ്ററിൽ പേരെഴുതിയതിനു ശേഷം സർവകലാശാലയിൽ പ്രവേശിക്കുന്നവർ, വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് രജിസ്റ്ററിലെ പേര് വെട്ടി തിരിച്ച് പോയില്ല എങ്കിൽ ടി ആളുകളുടെ പേര് വിവരം കാലടി പോലീസ് സ്റ്റേഷനിലേക്ക് കൈമാറുന്നതായിരിക്കും. എന്നാൽ സെമിനാറുകളിൽ പങ്കെടുക്കുന്നതിന് പുറത്തുനിന്ന് വരുന്ന വിദ്യാർത്ഥികൾക്ക് സെമിനാർ കഴിയുന്നതുവരെ ക്യാമ്പസിൽ നിൽക്കാൻ അനുവദിക്കുന്നതാണ്. അതുപോലെ യൂണിയൻ പരിപാടികൾക്ക് വരുന്ന ഗസ്റ്റിന് വൈസ് ചാൻസലറുടെ/രജിസ്ട്രാറുടെ അനുമതിയോടെ കൂടുതൽ സമയം അനുവദിക്കുന്നതാണ്.
6. സർവകലാശാലയിലെ ഏഴ് ഹോസ്റ്റലുകളിലും ഹോസ്റ്റൽ അഡ്മിഷൻ നേടാത്ത കുട്ടികൾ പ്രവേശിക്കാൻ പാടില്ല. പഠനം പൂർത്തീകരിച്ചിട്ടും ഹോസ്റ്റലിൽ തുടരുന്ന വിദ്യാർത്ഥികൾ 7 ദിവസത്തിനകം ഹോസ്റ്റൽ ഒഴിഞ്ഞ് ക്യാമ്പസ് വിട്ടുപോകണം.
7. സ്ത്രീ-പുരുഷ ഹോസ്റ്റലുകളിൽ പ്രവേശനം എടുത്ത ഹോസ്റ്റൽ അന്തേവാസികൾ, അതാതു ഹോസ്റ്റൽ കോമ്പൗണ്ടിന് പുറത്തുള്ള മറ്റ് ഹോസ്റ്റലുകളിൽ പ്രവേശിക്കാൻ പാടുള്ളതല്ല. ഈ തീരുമാനം ആരെങ്കിലും ലംഘിച്ചു എന്ന് ബോധ്യപ്പെട്ടാൽ അത്തരം കുട്ടികളെ ഹോസ്റ്റലിൽ നിന്ന് പുറത്താക്കുന്നതായിരിക്കും.
8. ഹോസ്റ്റലിൽ ഗസ്റ്റ് ആയിട്ട് താമസിക്കുന്ന പി എച്ച് ഡി വിദ്യാർത്ഥികൾക്ക് ഒരു മാസത്തിൽ 7 ദിവസം മാത്രമായിരിക്കും താമസ സൗകര്യം നൽകുക.
9. ഹോസ്റ്റലിൽ അഡ്മിഷൻ എടുത്ത കുട്ടികൾ അല്ലാതെ മറ്റാരെങ്കിലും അനധികൃതമായി താമസിക്കുന്നതായി ബോധ്യപ്പെട്ടാൽ ആ താമസ സൗകര്യം നൽകുന്ന റൂമിൽ ഉള്ള മറ്റ് വിദ്യാർത്ഥികൾ ഉത്തരവാദികൾ ആയിരിക്കുകയും തുടർന്ന് അത്തരം വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നിഷേധിക്കുകയും ചെയ്യും.
10. സർവകലാശാല ഹോസ്റ്റലുകളിലേയ്ക്ക് പ്രവേശനം താഴെ കൊടുത്തിരിക്കുന്നത് പ്രകാരം അവസാനിക്കുന്നതായിരിക്കും

    യു ജി വിദ്യാർത്ഥികൾ : രാത്രി 7.30 ന്
    പി ജി വിദ്യാർത്ഥികൾ : രാത്രി 9.30 ന്
    ഗവേഷകർ : രാത്രി 11 മണിക്ക്

ലൈബ്രറി റീഡിംഗ് റൂം 11 മണിവരെ മാത്രമേ തുറക്കുകയുള്ളൂ ഈ സമയത്തിന് ശേഷം ആരുടെയെങ്കിലും ഹാജരില്ലായ്മ ബോധ്യപ്പെട്ടാൽ ആ വിവരം രക്ഷിതാക്കളെ വാട്സ് ആപ്പ് /ഫോൺ മുഖേന അറിയിക്കുന്നതായിരിക്കും. വീട്ടിലേക്കു പോകുന്ന ഹോസ്റ്റൽ നിവാസികൾ പോകുന്ന വിവരവും സമയവും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പാർട്ട് ടൈം ജോലി ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന ഉടമയുടെ സർട്ടിഫിക്കറ്റ്, HOD യുടെ അപേക്ഷ എന്നിവ സമർപ്പിച്ചാൽ പ്രത്യേക അനുമതി നൽകുന്നതായിരിക്കും. ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കും. രാത്രി 7.30 ന് സർവകലാശാലയുടെ ഗേറ്റ് അടക്കുന്നതാണ്. ഇളവുകൾ ഉള്ളവരെ ഐഡന്റിറ്റി

കാർഡ്,അനുമതി എന്നിവയ്ക്ക് വിധേയമായി പുറത്തുപോകാൻ അനുവദിക്കും രാത്രി 11 മണിയ്ക്ക് സർവകലാശാല ഗേറ്റ് പൂർണ്ണമായി അടക്കും.

11. ഹോസ്റ്റൽ നിവാസികൾ ഓർഡർ ചെയ്യുന്ന ഓൺലൈൻ സാധനങ്ങൾ പകൽ വിദ്യാർത്ഥികൾക്ക് നേരിട്ട് കൈപ്പറ്റുന്നതിനായി അനുമതി നൽകുന്നതാണ്. രാത്രി മുഖ്യ കവാടത്തിലെ പ്രത്യേക റിസപ്ഷൻ പോയിന്റിൽ ഡെലിവറി നടത്തുന്നതും, വിദ്യാർത്ഥികൾ പിറ്റേദിവസം കൈപ്പറ്റേണ്ടതുമാണ്.
12. ക്യാമ്പസിനുള്ളിൽ അധ്യാപക, അനധ്യാപക ജീവനക്കാരുടെ വാഹനങ്ങളും ഔദ്യോഗിക വാഹനങ്ങളും മാത്രമേ അനുവദിക്കൂ. ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം വിദ്യാർത്ഥികളുടെ വാഹനങ്ങൾ ക്യാമ്പസിന് പുറത്ത് ക്രമീകരിച്ചിരിക്കുന്ന പാർക്കിംഗ് സ്ഥലത്ത് സൂക്ഷിക്കേണ്ടതാണ്.

**മറ്റു തീരുമാനങ്ങൾ**

1. ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഹോസ്റ്റലുകളുടെ സുരക്ഷിതത്വവും, അച്ചടക്കവും നിരീക്ഷിക്കുന്നതിനും, ഹോസ്റ്റലിലെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും വേണ്ടി ഹോസ്റ്റൽ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. സിൻഡിക്കേറ്റംഗം ഡോ. വി ലിസി മാത്യു കൺവീനറായ പ്രസ്തുത കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കും.
    1. ഡോ. വി ലിസ്സി മാത്യു, സിൻഡിക്കേറ്റംഗം, കൺവീനർ
    2. ഡോ. ഷീബ എസ്, പ്രൊഫസർ, സംസ്കൃതം വേദാന്ത വിഭാഗം
    3. ഡോ. ഭവാനി വി കെ, അസിസ്റ്റന്റ് പ്രൊഫസർ, സംസ്കൃതം ന്യായ വിഭാഗം
    4. ഡോ. സംഗീത തിരുവാൾ, അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം
    5. റേച്ചൽ പി ഡി, അസിസ്റ്റന്റ് രജിസ്ട്രാർ
    6. ഷാജി കുമാർ ഡി, അസിസ്റ്റന്റ് രജിസ്ട്രാർ
    7. ദീപ ജി പാൽ, സെക്ഷൻ ഓഫീസർ
    8. ഡോ. മുരളികൃഷ്ണൻ ടി ആർ, DSS
    9. അദ്വൈത്, MSW, വിദ്യാർത്ഥി പ്രതിനിധി
    10. ജുതിഷ, സോഷ്യൽ വർക്ക് ഗവേഷക, വിദ്യാർത്ഥി പ്രതിനിധി
    11. അനൈന ഫാത്തിമ, എം എ സാഹിത്യം, വിദ്യാർത്ഥി പ്രതിനിധി
    12. പി എം ദാസ്, സെക്യൂരിറ്റി ഓഫീസർ

2. വിദ്യാർത്ഥികളുടെ ക്യാമ്പസിലെ സുരക്ഷയും അച്ചടക്കവും നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഡോ. എം സത്യൻ സിൻഡിക്കേറ്റംഗം കൺവീനറായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഡിസിപ്ലിൻ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

1. ഡോ. എം സത്യൻ, സിൻഡിക്കേറ്റംഗം, കൺവീനർ
2. അഡ്വ. കെ പ്രേംകുമാർ എം എൽ എ, സിൻഡിക്കേറ്റംഗം
3. ശ്രീ ആർ അജയൻ, സിൻഡിക്കേറ്റംഗം
4. ഡോ. റ്റി മിനി, സിൻഡിക്കേറ്റംഗം
5. ഡോ. സുനിത ഗോപാലകൃഷ്ണൻ, പ്രൊഫസർ, ഹിന്ദി വിഭാഗം
6. ശ്രീ കെ കെ കൃഷ്ണകുമാർ, അസിസ്റ്റന്റ് പ്രൊഫസർ, തീയറ്റർ വിഭാഗം
7. ശ്രീ മുഹമ്മദ് ഹാരിസ് എച്ച്, അസിസ്റ്റന്റ് രജിസ്ട്രാർ
8. ശ്രീ ആഷിക് എ ഹഖ്, സെക്ഷൻ ഓഫീസർ
9. ഡോ. പദ്മദാസ് കെ എൽ, എൻ എസ് എസ് കോ-ഓർഡിനേറ്റർ
10. ഡോ. കവിത എം എസ്, സ്റ്റാഫ് അഡ്വൈസർ
11. ക്യാമ്പസ് യൂണിയൻ ചെയർപേഴ്സൺ, കാലടി മുഖ്യകേന്ദ്രം

3. ചുറ്റുമതിലുകളുടെ ഉയരം വർദ്ധിപ്പിക്കാനും എല്ലാ ഗേറ്റിനോടും ചേർന്ന് സെക്യൂരിറ്റി പോസ്റ്റുകൾ സ്ഥാപിക്കാനും തീരുമാനിച്ചു.
4. അടുത്ത ആഴ്ച മുതൽ ഓരോ വകുപ്പിലും പി ടി എ വിളിച്ചു കൂട്ടുന്നതിനും സർവകലാശാലയ്ക്കു പൊതുവായി പി ടി എ കൗൺസിൽ രൂപീകരിക്കാനും തീരുമാനിച്ചു.
5. മറ്റു സർവകലാശാലകളിലെ ഗ്രേസ് മാർക്ക് നിയമാവലി കൂടി പരിശോധിച്ച് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് പരിഷ്കരിക്കാൻ തീരുമാനിച്ചു.
6. മറ്റ് സർവകലാശാലകളിലെ ഫെല്ലോഷിപ്പ് ബോണ്ട് സംബന്ധിച്ച് പഠനം നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളാൻ തീരുമാനിച്ചു.

എല്ലാ ഹോസ്റ്റലുകളിലും റീഡിംഗ് റൂം, വിസിറ്റിംഗ് റൂം എന്നിവ ഉറപ്പ് വരുത്താൻ തീരുമാനിച്ചു.

**Item No:8**

Diploma in Ayurveda Panchakarma & International Spa Therapy കോഴ്സിന്റെ പ്രവേശനത്തിന് വയസ്സ് ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച്

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ Diploma in Ayurveda Panchakarma & International Spa Therapy കോഴ്സിന് വിജ്ഞാപന പ്രകാരം അപേക്ഷിച്ച വിദ്യാർത്ഥികളുടെ പ്രവേശനം പൂർത്തീകരിച്ച ശേഷവും ഒഴിവുണ്ടെങ്കിൽ പ്രായപരിധിയിൽ ഇളവ് നൽകി പ്രവേശനം നൽകാൻ തീരുമാനിച്ചു.

**Item No.9**

2025-26 ലെ യു ജി/പി ജി പ്രവേശനം-നിശ്ചിത എണ്ണത്തിൽ കുറവ് വിദ്യാർത്ഥികൾ പ്രവേശനം നേടിയ കോഴ്സുകൾ സംബന്ധിച്ച്

സംസ്കൃതത്തിൽ 5 ഉം സംസ്കൃത ഇതര വിഷയങ്ങളിൽ 10 ഉം വിദ്യാർത്ഥികൾ ഇല്ലാത്ത സാഹചര്യത്തിൽ ഈ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ അടുത്ത കേന്ദ്രത്തിലേക്ക് മാറ്റുമെന്ന ഉത്തരവ് സിൻഡിക്കേറ്റ് പരിശോധിച്ചു. പ്രവേശനം നേടുന്ന കുട്ടികളുടെ കുറവും, പ്രവേശനം നേടുന്ന കേന്ദ്രത്തിൽ പഠനം തുടരുന്നതിനുള്ള ആശങ്കകൾ മൂലം പ്രവേശനം നേടിയ ശേഷം മറ്റു കോളേജുകളിലേക്ക് മാറുന്ന സാഹചര്യവും പരിഗണിച്ച്, ഈ വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കാതെ സർവകലാശാലയ്ക്ക് അമിത സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ കോഴ്സുകൾ നടത്താൻ കഴിയുന്നവയ്ക്ക് തുടരാൻ അനുമതി നൽകാൻ തീരുമാനിച്ചു.

**Item No.10**

ലളിത കലാ അക്കാദമിയുടെ ആർട്ട് ഗ്യാലറി സംബന്ധിച്ച്

സർവകലാശാലയുടെ യൂട്ടിലിറ്റി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആർട് ഗ്യാലറി സംബന്ധിച്ച് സർവകലാശാലയും, കേരള ലളിത കലാ അക്കാദമിയും ചേർന്ന് ഒപ്പ് വച്ച ഉടമ്പടിയുടെ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത സ്ഥലം സർവകലാശാലയുടെ ആവശ്യത്തിനായി തിരിച്ചെടുക്കാൻ തീരുമാനിച്ചു. പ്രസ്തുത സ്ഥലം സർവകലാശാലയുടെ 'എക്സിബിഷൻ സെന്റർ' ആക്കി ഉപയോഗിക്കാനും തീരുമാനിച്ചു.

**Sd/-**
**രജിസ്ട്രാർ**

**Sd/-**
**വൈസ് ചാൻസലർ**